പതിനൊന്ന് വർഷങ്ങളായി അതിന്റെ നടപടികൾ കോൾഡ് സ്റ്റോറേജിൽ ഇരിക്കുന്നതുപോലെ സർക്കാരിന്റെ ചീഫ് എഞ്ചിനീയർ ഓഫീസിൽ ഇരിക്കുകയാണ്. 1974-ലാണ് ഈ പാലത്തിന്റെ പണിയാരംഭിച്ചത്. നെടുമങ്ങാടിന്റെ കിഴക്കൻ മലമ്പ്രദേശത്തെ മലഞ്ചരക്കു വ്യാപാര കേന്ദ്രമാണ് കല്ലറ. ഈ കല്ലറയെയും കിഴക്കൻ പ്രദേശങ്ങളെയും യോജിപ്പിക്കുന്ന ഒരു പാലമാണിത്. കാട്ടാക്കട, നെടുമങ്ങാട്, വിതുര, നന്ദിയോട് എന്നീ പ്രദേശങ്ങളിൽനിന്നും കല്ലറ വരുന്നതിന് 30 കി.മീ. ദൂരംവരെ ഈ പാലംകൊണ്ട് എളുപ്പമാണ്. ഇതിന്റെ ബഡ്ജറ്റ് സാങ്ഷനായിട്ടുണ്ട്. മറ്റു നടപടികൾ ഓഫീസിലെ കോൾഡ് സ്റ്റോറേജിൽ ഇരിക്കുകയാണ്. ഇത് നെടുമങ്ങാട് താലൂക്കിന്റെ ഒരു വലിയ ആവശ്യമാണ്. ഇക്കൊല്ലം തന്നെ ഇതിന്റെ പണി തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് അത്ര ചെറിയ കാര്യമാണോയെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഈ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞിരിക്കുകയാണ്. അതിന്റെ ഡിസൈൻ ഉണ്ടാക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഡിസൈൻ കിട്ടിക്കഴിഞ്ഞാൽ അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്. എന്തായാലും ഈ വർഷംതന്നെ പണി തുടങ്ങാൻ പ്രയാസമാണ്. ഈ പാലത്തിനുവേണ്ടി ഈ വർഷം ബഡ്ജറ്റിൽ നൂറ് രൂപയാണ് കൊള്ളിച്ചിട്ടുള്ളത്. അതുകൊണ്ട് എസ്റ്റിമേറ്റ് ഉണ്ടാക്കി അനുമതി നൽകുന്ന കാര്യം ഡിസൈൻ കിട്ടിക്കഴിഞ്ഞതിനു ശേഷം ആലോചിക്കുന്നതാണ്.

(17) ഓണാട്ടുകര പ്രദേശത്തിന് ഒരു കാർഷിക വികസന അതോറിറ്റി രൂപീകരിക്കണമെന്ന ആവശ്യം

ശ്രീ. തച്ചടി പ്രഭാകരൻ: സർ, കൊല്ലം ജില്ലയിൽപ്പെട്ട കരുനാഗപ്പള്ളി താലൂക്കും ആലപ്പുഴ ജില്ലയിൽപ്പെട്ട കാർത്തികപ്പള്ളി, മാവേലിക്കര എന്നീ താലൂക്കുകളും ചേരുന്ന ഓണാട്ടുകര പ്രദേശം പ്രകൃതിയെ മാത്രം ആശ്രയിച്ച് കൃഷിചെയ്യുന്ന ഒരു പ്രദേശമാണ്. ഈ പ്രദേശത്തിനുവേണ്ടി കുട്ടനാട് വികസന പദ്ധതി പോലെയും തൃശ്ശൂർ കോൾ നിലങ്ങൾക്കുവേണ്ടി ഉണ്ടാക്കിയിരിക്കുന്ന പ്രത്യേക പദ്ധതി പോലെയും ഒരു പദ്ധതി ഉണ്ടാക്കാൻ ഗവൺമെന്റിന്റെ മുമ്പിൽ നിരന്തരമായി ഞങ്ങൾ നിവേദനം നടത്തിയിട്ടുണ്ട്. അതിന് ഏറെക്കുറെ അനുകൂലമായ തീരുമാനമെടുക്കാമെന്ന് പറഞ്ഞു. അവിടെ വളരെ ചെറിയ കൃഷിക്കാരാണുള്ളത്. ഏകദേശം 688 സ്ക്വയർ കിലോ മീറ്റർ ഉള്ള ഈ പ്രദേശത്ത് ഒരു പറയും രണ്ടു പറയും നിലങ്ങൾ കൃഷി ചെയ്യുന്നവരാണ് ബഹുഭൂരിപക്ഷം കൃഷിക്കാരും. അതുപോലെതന്നെ തെങ്ങു കൃഷിക്ക് ഏറ്റവും കൂടുതൽ രോഗം ബാധിച്ചിട്ടുള്ള പ്രദേശം ഓണാട്ടുകര പ്രദേശമാണെന്നുള്ളതു വസ്തുതയാണ്. അതുകൊണ്ട് തെങ്ങ് കൃഷിയെയും നെൽകൃഷിയെയും സഹായിക്കുന്നതിനുവേണ്ടി പ്രത്യേകമായി ഒരു വികസന പദ്ധതി, ഓണാട്ടുകര പ്രദേശത്തിനു മാത്രമായി രൂപീകരിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ.എൽ. ജേക്കബ്): സർ, ഓണാട്ടുകര പ്രദേശത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആ പ്രദേശത്തിന്റെ സമഗ്രമായ വികസനത്തിനുംവേണ്ടി ഗവൺമെന്റ് ഒരു കൂടു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. നെൽക്കൃഷിക്കാവശ്യമായ ജലസേചനം മുതലായ കാര്യങ്ങൾ വർദ്ധിപ്പിച്ചിരിക്കുകയാണ്. തെങ്ങിന് ജലസേചനത്തിനുവേണ്ടി പമ്പിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക, രാസവള പ്രയോഗം പ്രോൽസാഹിപ്പിക്കുക, അത്യുൽപ്പാദന ശേഷിയുള്ള എള്ളിനങ്ങളുടെ കൃഷി വ്യാപിപ്പിക്കുക ഇവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 19-9-1985-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽ ഈ പദ്ധതിക്കും അതിന്റെ കാര്യക്ഷമമായ നടത്തിപ്പിനുംവേണ്ടി ഓണാട്ടുകര വികസന അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(18) പുനലൂർ-വെട്ടിപ്പുഴപാലം പുതുക്കിപ്പണിയൽ

ശ്രീ. വി. സുരേന്ദ്രൻ പിള്ള: സർ, എന്റെ നിയോജകമണ്ഡലത്തിലെ തകർന്നു വീഴാറായ പാലങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ് പുനലൂരുള്ള വെട്ടിപ്പുഴ പാലം. 90 വർഷങ്ങൾക്കു മുമ്പ് പണിത ഈ പാലം ഇന്ന് ഏതു നിമിഷവും തകരാവുന്ന അപകട സ്ഥിതിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ആ പാലത്തിന് എന്തെങ്കിലും സംഭവിച്ചാൽ തിരുവനന്തപുരത്തു നിന്ന് പുനലൂർ വഴി പോകുന്ന മുഴുവൻ വാഹനങ്ങളുടേയും യാത്ര നിലയ്ക്കുകയാണ്. അടുത്ത കാലത്ത് അത് ഒരു കോൺട്രാക്ടർക്ക് ടെൻഡർ കൊടുത്തു. കോൺട്രാക്ടർ പണി ഏറ്റെടുത്ത് വർക്ക് തുടങ്ങി. എന്തോ ചില കാരണങ്ങളാൽ കഴിഞ്ഞ രണ്ടു വർഷങ്ങൾക്കുമുമ്പ് പണി ഇട്ടേച്ചുപോയ ശേഷം അവിടെ താല്ക്കാലികമായി ഒരു പാലമുണ്ടാക്കി അപകടം തരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇന്ന് അതിന്റെ പണി പൂർത്തിയാക്കാൻ യാതൊരു നിവൃത്തിയുമില്ല. ഇപ്പോൾ അക്വിസിഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. ഏത്രയും പെട്ടെന്ന് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കി പാലം പുതുക്കിപണിയുന്നതിനുവേണ്ടി എന്തു നടപടികളുണ്ടെങ്കിലും അത് സ്വീകരിച്ച്, അവിടെ താമസിക്കുന്ന കച്ചവടക്കാരെ റീഹാബിലിറ്റേറ്റ് ചെയ്യുന്നവർക്ക് ന്യായമായി കിട്ടാനുള്ള കോമ്പൻസേഷൻ കൊടുത്തു ഈ പാലത്തിന്റെ പണി പെട്ടെന്ന് പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

മി. സ്പീക്കർ: ഇതിന് മറുപടി പിന്നീട് പറയുന്നതാണ്.

(19) വടകരയിലെ വില്യാപ്പള്ളി ടൗണിലുള്ള സഹകരണ ഓർഫനേജിൽനിന്നും ആശുപത്രിയിൽനിന്നും റോഡിലേക്കൊഴുക്കി വിടുന്ന മലിനജലം

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, വടകരയിലടുത്ത് വില്യാപ്പള്ളി ടൗണിൽ സഹകാര്യ മേഖലയിൽ ഓർഫനേജും എം.ജി. ആശുപത്രി എന്ന പേരിൽ ഒരാശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. മൂന്നു നാലുമാസമായിട്ട് ഈ സ്ഥാപനങ്ങളിൽനിന്ന് വളരെ വലിയ തോതിൽ

LIBRARY ARCHIVES Kerala Legislative Assembly